LIBRARY ARCHIVES Kerala Legislative Assembly

(സി) ഫയൽ ഇപ്പോൾ ധനകാര്യവകുപ്പിൽ നിന്ന് പ്ലാനിംഗ് ബോർഡിലാണുള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്ലാനിംഗ് ബോർഡുമായി ബന്ധപ്പെട്ട് പ്രസ്തുത വിഷയത്തിൽ എത്രയും വേഗം അനുകൂല തീരുമാനം കൈക്കൊള്ളുമോ; വിശദമാക്കാമോ?

(എ-ഡി) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ആശ്രമം സ്കൂളിന് വകുപ്പിന്റെ അധീനതയിലുള്ള 10 ഏക്കർ ഭൂമിയിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായി 29.09 കോടി രൂപയുടെ പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. 2020-21 ബഡ്ജറ്റിൽ 'പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും/ആശ്രമം സ്കൂളുകളുടെയും/ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണം എന്ന പദ്ധതിക്കായി 4225-02-277-42 എന്ന ശീർഷകത്തിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ഈ പദ്ധതിക്കായി തുക അനുവദിക്കുന്ന കാര്യം പ്ലാനിംഗ് വകുപ്പ്/പ്ലാനിംഗ് ബോർഡ് എന്നിവരുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരികയാണ്.' നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2016-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ്. 2018-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നിട്ടുള്ളതിനാൽ ഈ നിരക്ക് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി ഭരണാനുമതി നല്കുന്ന വിഷയത്തിൽ സത്വര തീരുമാനം കൈക്കൊള്ളുന്നതാണ്.

പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി

59(804) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ 332 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 1,62,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു

എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് കാലതാമസം

60(805) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് അനുവദിച്ചു നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ച മാറ്റങ്ങൾ നടപ്പിൽ വരുത്തേണ്ട സാഹചര്യത്തിൽ, നിലവിൽ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് വിതരണം താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഇ-ഗ്രാന്റ്സ് സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ധനസഹായ വിതരണം അടിയന്തരമായി പുനരാരംഭിക്കുന്നതാണ്. അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അർഹത പരിശോധിച്ച് ഉറപ്പുവരുത്തി ഇ-ഗ്രാന്റ്സ് മുഖേന യഥാസമയം അനുവദിച്ചുവരുന്നു. പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് ബിൽ പ്രോസസ്സിംഗും തുക വിതരണവും മതിയായ ശ്രദ്ധയും സുരക്ഷയും ഉറപ്പുവരുത്തി ജില്ലാതലത്തിലേക്ക് മാറ്റുന്നതിന്, 18-9-2021-ലെ സ.ഉ.(സാധാ) നം.834/2021/പജപവവിവ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത ഗ്രാന്റ് നൽകുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly